# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 88
28-11-2018-ലെ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം<br>ശ്രീ. പി. ടി. തോമസ്<br>ശ്രീ. വി. ടി. ബൽറാം | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) 2018 ആഗസ്റ്റ് 1-ാം തീയതി മുതൽ 2018 നവംബർ 10-ാം തീയതിവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എത്ര കോടി രൂപ ലഭിച്ചു; വിശദാംശം നൽകാമോ; | പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 2018 ആഗസ്റ്റ് 1-ാം തീയതി മുതൽ 2018 നവംബർ 10-ാം തീയതിവരെ വിവിധ ബാങ്കുകളിലും ട്രഷറി അക്കൗണ്ടുകളിലുമായി ദുരിതാശ്വാസ നിധിയിലേയ്ക്ക് 2577.69 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി) ഇത്തരത്തിൽ ലഭിച്ച തുകയിൽ ഒരു കോടി രൂപയും അതിൽ കൂടുതൽ തുകയും നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | നിലവിൽ ലഭ്യമായ വിവരം അനുസരിച്ച് ചെക്ക് / ഡി ഡി മുഖേന 211 പേർ ഒരു കോടി രൂപയ്ക്ക് മേൽ സംഭാവന നൽകിയിട്ടുണ്ട്. സിനിമ മേഖല, ഫിലിംസ്റ്റാർ എന്നിവയിലെ സംഭാവന വിവരങ്ങൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. |
| സി) സിനിമാ മേഖലയിലെ സംഘടനകളായ അമ്മ, മാക്ട, ആത്മ തുടങ്ങിയ സംഘടനകൾ എത്ര തുക വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയെന്ന് വിശദമാക്കാമോ; | |

| | |
|---|---|
| ഡി) മലയാള സിനിമയിലെയും മറ്റ് ഇന്ത്യൻ സിനിമകളിലെയും നടീനടന്മാർ പ്രസ്തുത നിധിയിലേക്ക് പണം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | |
| ഇ) 1-8-2018 മുതൽ 10-11-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര കോടി രൂപ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ; | 01/08/2018 മുതൽ 10/11/2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പ്രളയ ദുരിതാശ്വാസത്തിനുൾപ്പെടെ 627.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| എഫ്) പ്രസ്തുത കാലയളവിൽ ഇതിൽ നിന്നും 5 ലക്ഷം രൂപയോ അതിൽ കൂടുതലോ സർക്കാർ അനുവദിച്ച് നൽകിയ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വിശദാംശം വെളിപ്പെടുത്തുമോ? | ടി കാലയളവിൽ പാലക്കാട് ചിറ്റൂർ താലൂക്കിൽ 16.08.2018 ന് ഉണ്ടായ ഉരുൾപൊട്ടലിൽ 5 പേർ മരണപ്പെട്ട ഒരു കുടുംബത്തിലെ അപകടത്തിൽ നിന്നും രക്ഷപ്പെട്ട ശ്രീമതി.അഖിലയ്ക്ക് ചികിത്സാസഹായമായി സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)നം.313/2018/റവ തീയതി 23.08.2018 പ്രകാരം 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ